## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4635 26.10.2016 ന് മറുപടിയ്ക്ക്

### ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന പ്രധാന ഫോറസ്റ്റ് ഏരിയകൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ ടൂറിസ്റ്റുകൾ സന്ദർശിക്കുന്ന പ്രധാന ഫോറസ്റ്റ് ഏരിയകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ചും ഡിവിഷൻ തിരിച്ചും വ്യക്തമാക്കുമോ; | **(എ)** കേരളത്തിൽ വനം വകുപ്പ് നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളുടെ ജില്ല തിരിച്ചും, ഡിവിഷൻ തിരിച്ചുമുള്ള വിശദാംശം അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇവിടെ വരുന്ന ടൂറിസ്റ്റുകൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് ചെയ്തു കൊടുക്കപ്പെടുന്നത്; ഇതിന്റെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; കേരളത്തിലെ ഓരോ ഫോറസ്റ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും ചാർജ്ജുള്ള ഓഫീസർമാരുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | **(ബി)** ഇക്കോ ടൂറിസം പ്രദേശങ്ങൾ സന്ദർശിക്കാനെത്തുന്ന വിനോദ സഞ്ചാരികൾക്ക് ആ പ്രദേശത്തിന്റെ ദൃശ്യ ഭംഗിയും, തനത് പ്രത്യേകതകളും അറിയാനുള്ള സൗകര്യങ്ങളും, സന്ദർശകർക്കുള്ള സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങളും, മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കോടൂറിസം പദ്ധതി പ്രദേശം ഉൾപ്പെടുന്ന ടെറിട്ടോറിയൽ, വന്യജീവി ഡിവിഷനുകളുടെ ചാർജ്ജുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും, വൈൽഡ് ലൈഫ് വാർഡന്മാരുമാണ് ആ പദ്ധതി നടത്തിപ്പിന്റെ മേൽനോട്ട ചുമതല വഹിക്കുന്നത്. ദൈനംദിന നടത്തിപ്പും, അനുബന്ധ ചുമതലകളും അതാത് സ്ഥലങ്ങളിലെ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി ഇവകളുടെ ചാർജ്ജ് വഹിക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും/ സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും വഹിക്കുന്നു. ഓരോ ഇക്കോടൂറിസം പ്രദേശത്തിന്റെയും മേൽനോട്ടച്ചുമതല വഹിക്കുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെയും, വൈൽഡ് ലൈഫ് വാർഡന്മാരുടെയും വിവരങ്ങൾ അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. |
| (സി) ടൂറിസ്റ്റുകൾ, അവർക്കുണ്ടായ അസൗകര്യങ്ങൾ ചൂണ്ടിക്കാട്ടി പരാതികൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ പരാതിയിലും എടുത്ത നടപടി വിശദമായി | **(സി)** സന്ദർശകരിൽ നിന്നുണ്ടാകുന്ന പരാതികൾ അതാത് സ്ഥലങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിഹരിച്ചു വരുന്നു. തികച്ചും സൗഹാർദ്ദപരമായി പ്രകൃതിയെ |

വ്യക്തമാക്കുമോ;

അടുത്തറിയുന്നതിനുള്ള അവസരം ഇക്കോ ടൂറിസം പ്രദേശങ്ങളിൽ എത്തുന്ന സഞ്ചാരികൾക്ക് നല്കി വരുന്നു. മേൽ ഉദ്യോഗസ്ഥർക്ക് ലഭിക്കുന്ന പരാതികൾക്ക് അപ്പപ്പോൾ പരിഹാര നിർദ്ദേശങ്ങൾ നല്കിവരുന്നു.

(ഡി) ഓരോ കേന്ദ്രങ്ങളിലും സ്ഥിരം ജീവനക്കാർ, ദിവസവേതന ജീവനക്കാർ തുടങ്ങിയ ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നുണ്ടോ; ഈ ഉദ്യോഗസ്ഥരിൽ ഫോറസ്റ്റ് വകുപ്പിന്റെ ഉദ്യോഗസ്ഥർ എത്ര; മറ്റുള്ളവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ; വി.എസ്.എസ് എന്ന വിഭാഗത്തെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

**(ഡി)** ഓരോ വനം ഡിവിഷനുകളിലും രൂപീകരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള വന വികാസ ഏജൻസിയുടെ കീഴിൽ പ്രാദേശിക തലത്തിൽ രൂപീകരിച്ചിട്ടുള്ള വനാശ്രിതരായ തദ്ദേശവാസികൾ അംഗങ്ങളായിട്ടുള്ളതാണ് വന സംരക്ഷണ സമിതികൾ. വന സംരക്ഷണ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സെക്രട്ടറി വനം വകുപ്പ് ഉദ്യോഗസ്ഥരായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയിരിക്കും. ഇക്കോ ടൂറിസം സെന്ററിന്റെ പ്രവർത്തനങ്ങളുടെ ആവശ്യാനുസരണം വനസംരക്ഷണ സമിതി അംഗങ്ങളെ ഗൈഡുകളായും, മറ്റ് ജോലികൾക്കായും ദിവസവേതന വ്യവസ്ഥയിൽ നിയോഗിക്കാറുണ്ട്.

(ഇ) ഈ കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളിൽ നിന്നും പലതരത്തിലുള്ള ഫീസ് വസൂലാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; പണപിരിവിന്റെ വ്യക്തമായ കണക്ക്, ടൂറിസ്റ്റ് കേന്ദ്രം അടിസ്ഥാനമാക്കി വിശദമാക്കുമോ; അമിതമായി പണപ്പിരിവ് നടത്തുന്ന കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെ അടിയന്തരമായി നടപടി സ്വീകരിക്കുമോ;

**(ഇ)** കേരളത്തിലെ ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഈടാക്കാവുന്ന സർവ്വീസ് ചാർജ്ജുകൾക്ക് പൊതുമാനദണ്ഡം നിലവിലുണ്ട്. അതാതിടത്ത് നല്കുന്ന സേവനങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ള നിരക്കുകൾക്കുള്ളിൽ ഫീസ് ഈടാക്കി വരുന്നു (പണപ്പിരിവിന്റെ കണക്ക് അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു). വന്യജീവി കേന്ദ്രങ്ങളിലും, വാഴച്ചാൽ, കോടനാട് എന്നീ സ്ഥലങ്ങളിലും സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രവേശന ഫീസാണ് ഈടാക്കുന്നത്.

(എഫ്) സംസ്ഥാനത്തെ ഓരോ ഫോറസ്റ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളിലും കഴിഞ്ഞ 2011 ജനുവരി മുതലുള്ള വ്യക്തമായ വരവ്, ചെലവ് കണക്ക് വിശദമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

**(എഫ്)** സംസ്ഥാനത്തെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ 2011 മുതലുള്ള വരവ്, ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ അനുബന്ധം-3 ആയി ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**